


വാഴക്കാട് ഗ്രാമപഞ്ചായത്ത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ
പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അഞ്ചാം
വർഷത്തെ വാർഷിക പദ്ധതി (2026-27)
തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം
തയ്യാറാക്കിയത്.

2026-27 വാർഷിക പദ്ധതി

അന്തിമ പദ്ധതി രേഖ




വാഴക്കാട് ഗ്രാമപഞ്ചായത്ത്
ഭരണ സമിതി

പ്രസിഡന്റ്	: ശ്രീമതി. ആരിഫ വി
വൈ: പ്രസിഡന്റ്	: ശ്രീ. അഡ്വ: എംകെ. നൗഷാദ്
ചെയർമാൻ (വികസനം)	: ശ്രീമതി. മുംതാസ് ബീഗം സി
ചെയർമാൻ (ആരോഗ്യം, വിദ്യാഭ്യാസം)	: ശ്രീമതി. പുഷ്പ എം
ചെയർപേഴ്സൺ (ക്ഷേമകാര്യം)	: ശ്രീ. മുസ്തഫ വാഴക്കാട്.

മെമ്പർമാർ

വാർഡ്	1	മൈമൂനത്ത് ഇ
വാർഡ്	2	മുംതാസ് ബീഗം സി
വാർഡ്	3	ജമീല കെ എം
വാർഡ്	4	മുഹമ്മദ് ബഷീർ പി
വാർഡ്	5	മുസ്തഫ വാഴക്കാട്
വാർഡ്	6	മുഹമ്മദ് കെ വി
വാർഡ്	7	അഡ്വ: എംകെ. നൗഷാദ്
വാർഡ്	8	മുത്തുക്കോയ തങ്ങൾ കെ സി
വാർഡ്	9	അബ്ദുൽ കരീം പി
വാർഡ്	10	ഭാസ്കരൻ സി
വാർഡ്	11	മുനീർ പുളിയാക്കൽ
വാർഡ്	12	സജിത എം
വാർഡ്	13	ആരിഫ വി
വാർഡ്	14	ഹഫ്സത്ത് കോലകോടൻ
വാർഡ്	15	പുഷ്പ എം
വാർഡ്	16	ഷുബിൽ സി എം
വാർഡ്	17	സുഹ്റ പി പി
വാർഡ്	18	ലീല രാധാകൃഷ്ണൻ എം.
വാർഡ്	19	ചിത്ര പി പി.
വാർഡ്	20	നസീറ എം
വാർഡ്	21	നാരായണൻ എം
വാർഡ്	22	അബ്ദുൽ അഷ്റഫ് സി
സെക്രട്ടറി		ജിജി ബി



ഗ്രാമപഞ്ചായത്ത് ഒറ്റനോട്ടത്തിൽ

വില്ലേജ്	:	വാഴക്കാട്
ബ്ലോക്ക്	:	കൊണ്ടോട്ടി
ഗ്രാമപഞ്ചായത്ത്	:	വാഴക്കാട് ഗ്രാമപഞ്ചായത്ത്
താലൂക്ക്	:	കൊണ്ടോട്ടി
ജില്ല	:	മലപ്പുറം
നിയോജക മണ്ഡലം	:	കൊണ്ടോട്ടി
ലോകസഭ മണ്ഡലം	:	മലപ്പുറം
വിസ്തീർണ്ണം	:	23.70 ച.കി
വാർഡുകൾ	:	22
ആകെ ജനസംഖ്യ	:	35774 (2011 സെന്സസ് പ്രകാരം)
പുരുഷൻ	:	17280
സ്ത്രീകൾ	:	18494

ആമുഖം

സമഗ്ര വികസനം സാമൂഹിക മുന്നേറ്റം

2025 ഡിസംബർ മാസത്തിൽ അധികാരമേറ്റ ഈ ഭരണസമിതിയുടെ ആദ്യത്തെ പദ്ധതി രൂപീകരണമാണ് 2026-27 വർഷത്തേത്. ആക്കോട് നിന്നും ആരംഭിച്ച് ചൂരപ്പട്ടയിൽ അവസാനിക്കുന്ന 22 വാർഡുകളാണ് നിലവിൽ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ഉള്ളത്. 40000-ത്തിനടുത്ത് ജനസംഖ്യയുള്ള വാഴക്കാട് ഗ്രാമപഞ്ചായത്തിനെ നൂതന പദ്ധതികൾ ആവിഷ്കരിച്ച് വികസന പാതയിൽ മുന്നിലേക്ക് എത്തിക്കുകയെന്നതാണ് ഭരണസമിതിയുടെ ലക്ഷ്യം. പശ്ചാത്തല സൗകര്യങ്ങളുടെ ഉന്നമനവും കാർഷിക മേഖലയുടെ പുരോഗതിയും അടിസ്ഥാന ജനവിഭാഗങ്ങളുടെ ഉയർച്ചയും ലക്ഷ്യമാക്കി വിവിധ പദ്ധതികൾക്ക് പഞ്ചായത്ത് ഭരണസമിതി രൂപം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും റോഡ് സൗകര്യമൊരുക്കുവാനും 90% വീടുകളിലും ചീക്കോട് കുടിവെള്ള പദ്ധതിയിലൂടെ ജലജീവൻ മിഷന്റെ സഹകരണത്തോടെ കുടിവെള്ളം എത്തിക്കുന്നതിനും നമുക്ക് സാധ്യമായിട്ടുണ്ട്. ആരോഗ്യ രംഗത്ത് ജീവനക്കാരുടെയും ആശാവർക്കർമാരുടെയും ആത്മാർത്ഥമായ പരിശ്രമഫലമായി മാരകരോഗങ്ങളെ പ്രതിരോധിക്കാൻ സാധിച്ചു എന്നത് വലിയ നേട്ടമാണ്. കൃത്യമായ നിരീക്ഷണങ്ങളിലൂടെ ഫലവത്തായ ബോധവൽക്കരണ പരിപാടികളിലൂടെ ആരോഗ്യ പ്രവർത്തകരുടെ നിതാന്ത ജാഗ്രതയിലൂടെ പകർച്ച രോഗങ്ങളുടെ വ്യാപനത്തെ തടയാനും പൊതുജനാരോഗ്യം പരിക്കുകൾ കൂടാതെ പരിരക്ഷിക്കുന്നതിനും നമുക്ക് സാധിച്ചു.

വിദ്യാഭ്യാസരംഗത്തെ വളർച്ച വാഴക്കാടിന് വലിയ പ്രതീക്ഷകളാണ് സമ്മാനിക്കുന്നത്. നിർമ്മിത ബുദ്ധിയുടെ പുതിയകാലത്ത് കാലോചിതമായ മുന്നേറ്റം വിദ്യാഭ്യാസ മേഖലയിൽ കാണാൻ കഴിയും. പഠനമേഖലയിൽ നൂതന സൗകര്യങ്ങൾ സമർത്ഥമായി ഉപയോഗിച്ച് മെച്ചപ്പെട്ട വിജയം ഉണ്ടാക്കാൻ വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങൾക്കും സാധ്യമായിട്ടുണ്ട്. സോഫ്റ്റ്വെയർ രംഗത്തും സ്റ്റാർട്ടപ്പുകൾ വികസിപ്പിച്ചെടുക്കുന്നതിലും നമ്മുടെ കുട്ടികൾ ഏറെ മുന്നേറിയിട്ടുണ്ട്. സ്ത്രീ ശാക്തീകരണ രംഗത്ത് അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ കാലങ്ങളിൽ സാധ്യമായിട്ടുണ്ട്. ജില്ലാ കുടുംബശ്രീയുടെ സഹകരണത്തോടെ കഴിഞ്ഞ വർഷം നടത്തിയ "കഫെ കുടുംബശ്രീ ഫുഡ് ഫെസ്റ്റിവൽ" വലിയ വിജയമായിരുന്നു. സ്ത്രീ മുന്നേറ്റത്തിന്റെ പുതിയ ഗാഥ രചിച്ച നിരവധി സംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇത്തരം സംരംഭങ്ങൾക്ക് ധനസഹായം നൽകാൻ പഞ്ചായത്ത് ഭരണസമിതിക്ക് സാധിച്ചിട്ടുണ്ട്. പുതിയ സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി യോഗം ചേരുകയും തുടർന്ന് വർക്കിംഗ് ഗ്രൂപ്പും ഗ്രാമസഭകളും സമർപ്പിച്ച നിർദ്ദേശങ്ങളും പുതിയ വികസന കാഴ്ചപ്പാടും സമം ചേർത്ത് പഞ്ചായത്ത് ഭരണസമിതി രൂപം നൽകിയ പദ്ധതി കരട് രേഖ സമർപ്പിക്കുന്നു.

പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ:-

സാമ്പത്തിക ഉന്നമനത്തിന് ടൂറിസം പദ്ധതികൾ

ചാലിയാറിനോട് ഓരം ചേർന്ന് കിടക്കുന്ന വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ടൂറിസം പദ്ധതികളുടെ സാധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടില്ല. കാർഷിക മേഖലയെ കൂടിച്ചേർത്തുവെച്ച് ഫാം ടൂറിസം പദ്ധതികൾക്ക് വലിയ സാധ്യതയാണ് നമ്മുടെ മുന്നിൽ ഉള്ളത്. ഒമ്പതര ഏക്കർ വിസ്തൃതിയിലുള്ള കള്ളിക്കാട് റിസർവ് ഫോറസ്റ്റും ഇതിനോട് ചേർന്ന് നിൽക്കുന്ന ചാലിയാർ പുഴയുടെ മനോഹാരിതയും ദൃശ്യവിരുന്ന് ഒരുക്കുന്ന

കാഴ്ചകളിലേക്ക് വാഴക്കാട് ടൂറിസത്തെ രൂപപ്പെടുത്തിയെടുക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

നിർമ്മിത ബുദ്ധിയുടെ സാധ്യതകൾ

വിവരസാങ്കേതിക വിദ്യയുടെ കുതിച്ചുചാട്ടം ഇന്ന് എത്തിനിൽക്കുന്നത് നിർമ്മിത ബുദ്ധിയുടെ അനന്തസാധ്യതകളുടെ അതിവിശാലമായ ലോകത്താണ്. ആസൂത്രണ മികവിൽ അനേകം ആളുകൾക്ക് തൊഴിലവസരങ്ങൾ ഒരുക്കാൻ പര്യാപ്തമായ നൂതന പദ്ധതികൾക്ക് രൂപം നൽകണം. ഈ മേഖലയിൽ പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രാഥമിക പരിജ്ഞാനം നൽകാനുതകുന്ന പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

സമ്പൂർണ്ണമാലിന്യ നിർമാർജനം

എൻറെ നാട് നല്ല നാട് എന്ന തലക്കെട്ടിൽ നേരത്തെ 2 ഘട്ടങ്ങളിലായി നടത്തിയ മാലിന്യനിർമാർജന പരിപാടികൾ വലിയ ഫലം ഉണ്ടാക്കിയിട്ടുണ്ട്. മാലിന്യനിർമാർജനം ഓരോ വ്യക്തികളുടെയും ബാധ്യതയാണ് ഉത്തരവാദിത്തമാണ് എന്ന സന്ദേശം പൊതുസമൂഹത്തിൽ എത്തിക്കാൻ ഈ ക്യാമ്പയിൻ കൊണ്ട് സാധിച്ചിട്ടുണ്ട്. ഹരിത കർമ്മ സേന മുഖേന കളക്ട് ചെയ്യുന്ന അജൈവമാലിന്യങ്ങൾ തരംതിരിച്ച് റിജക്ട് വേസ്റ്റ് ഏജൻസി വഴി നീക്കം ചെയ്യുന്ന നടപടികൾ പ്രശംസനീയമായ നിലയിൽ നടക്കുന്നുണ്ട്. എന്നാൽ എംസിഎഫുകളിലെ സൗകര്യങ്ങൾ അപര്യാപ്തമാണ്. ഇതിനെ പരിഹാരമുണ്ടാകണം. ആവശ്യാനുസരണം സ്ഥലം ലഭ്യമാക്കി പൂന്തോട്ടസമാനമായ പുറംമോടികൾ സജ്ജീകരിച്ച് അതിമനോഹരമായ എംസിഎഫ് സംവിധാനിക്കാൻ ഉതകുന്ന പദ്ധതി ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്യുന്നു.

കായിക മേഖലയ്ക്ക് കുതിപ്പ് പകരുന്ന പദ്ധതികൾ

അഭിമാനകരമായ പാരമ്പര്യമുള്ള കായിക മേഖലയാണ് വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെത്. ഈ കായിക സമ്പത്ത് സംരക്ഷിക്കാൻ പരിപോഷിപ്പിക്കാൻ പ്രാപ്തിയുള്ള പദ്ധതികൾക്ക് ഈ വാർഷിക പദ്ധതിയിൽ രൂപം നൽകണം. ബഹുമാനപ്പെട്ട ഇ.ടി മുഹമ്മദ് ബഷീർ എംപിയുടെ ശ്രമഫലമായി സംസ്ഥാന സർക്കാരിന്റെ സഹകരത്തോടെ ലഭിച്ച ഒരുകോടി രൂപ വിനിയോഗിച്ചു മപ്രം ഗ്രൗണ്ടിന്റെ വികസന പ്രവർത്തി ഉടനെ ആരംഭിക്കാൻ ഇരിക്കുകയാണ്. എളമരം ഗ്രൗണ്ടിന്റെ വിപുലീകരത്തിനായി പര്യാപ്തമായ തുക വകയിരുത്തേണ്ടതുണ്ട്. എടവണ്ണപ്പാറ പൊതു കളി സ്ഥലത്തിനായി സ്ഥലമെടുപ്പ് അന്തിമഘട്ടത്തിലാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പണിക്കരപുറായ മിനി സ്റ്റേഡിയം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. നൂഞ്ഞിക്കരയിലും, ചൂരപ്പട്ടയിലും, ആക്കോടിലും, ചെറുവായൂരിലും പുതിയ കളി സ്ഥലങ്ങൾക്ക് സ്ഥലം കണ്ടെത്തുകയും കാലതാമസം കൂടാതെ പ്രവർത്തികൾ ആരംഭിക്കുകയും വേണം.

സൺഡേ മാർക്കറ്റ്

വാണിജ്യ രംഗത്ത് പുത്തൻ ഉണർവ് ഉണ്ടാക്കുന്നതിനും നമ്മുടെ നാട്ടിലെ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനും ഗ്രാമപഞ്ചായത്തിലെ ഉത്പാദക മേഖലയ്ക്ക് കരുത്ത് പകരാൻ ഉത്തകും വിധം സൺഡേ മാർക്കറ്റ് ആരംഭിക്കും. തെരുവ് കച്ചവടക്കാർക്ക് കൂടി ഇവിടെ പങ്കാളിത്തം ഉണ്ടാകും.

വികസന കുതിപ്പിലേക്ക് എടവണ്ണപ്പാറ

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വാണിജ്യ കേന്ദ്രമായ എടവണ്ണപ്പാറയിലെ ഏറ്റവും വലിയ പ്രശ്നം ഗതാഗതക്കുരുക്കാണ്. ബഹുമാനപ്പെട്ട ടിവി ഇബ്രാഹിം എംഎൽഎയുടെ ശ്രമഫലമായി ടൗൺ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ നടന്നു വരികയാണ്. കഴിഞ്ഞ ഭരണസമിതിയുടെ കാലത്ത് എടവണ്ണപ്പാറ ബസ്റ്റാൻഡ് പ്രവേശന കവാടം ഇൻറർലോക്ക് ചെയ്ത് മനോഹരമാക്കാൻ സാധിച്ചിട്ടുണ്ട്. ടൗൺ വികസനത്തിന്റെ ഭാഗമായി ഗതാഗതക്കു ഒഴിവാക്കുന്നതിനും വ്യാപാര മേഖലയുടെ വികസനത്തിന് വഴിയൊരുക്കുന്നതിനും അനുയോജ്യമായ വിധത്തിൽ റിംഗ് റോഡുകൾ നിർമ്മിക്കാൻ പുതിയ പദ്ധതികൾ ഉണ്ടാവേണ്ടതുണ്ട്.

കവണക്കല്ല് -ആക്കോട് ജലസേചന പദ്ധതി

പടിഞ്ഞാറ് ഭാഗത്തെ കർഷകരുടെ ഏറെക്കാലമായുള്ള ആവശ്യമാണ് കവണക്കല്ല് - ആക്കോട് ജലസേചന പദ്ധതി. ഇത് യാഥാർത്ഥ്യമാക്കുന്നതോടെ ആക്കോട് ,ഊർക്കടവ്, ചൂരപ്പട്ട പ്രദേശങ്ങളിലെ കാർഷിക മേഖലയുടെ വലിയ വളർച്ചയ്ക്ക് കളമൊരുക്കും.

പ്രവാസി ക്ഷേമ പദ്ധതികൾ

നമ്മുടെ പഞ്ചായത്തിലെ സാമ്പത്തിക വർഷം വളർച്ചയുടെ പ്രധാന സ്രോതസ്സുകളിൽ ഒന്ന് പ്രവാസി സമൂഹമാണ്. ഗൾഫ് രാജ്യങ്ങളിൽ ഉൾപ്പെടെ മികച്ച സംരംഭങ്ങൾ പടത്തുയർത്തിയ ഒട്ടേറെ പേർ നമ്മുടെ നാട്ടുകാരായിയുണ്ട്. ഇവരുടെ പങ്കാളിത്തത്തോടെ നാടിൻറെ വികസന മുന്നേറ്റത്തിന് ശക്തി പകരണം. വളരെ ചുരുങ്ങിയ അവധിക്കാലത്തേക്ക് നാട്ടിലെത്തുന്ന പ്രവാസികളുടെ പഞ്ചായത്തുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾ സമയദൈർഘ്യം കൂടാതെ നിറവേറ്റാൻ സംവിധാനം ഉണ്ടാകണം. സർക്കാറുമായി ബന്ധപ്പെട്ട് പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾക്ക് ഏകോപനം നൽകാൻ പര്യാപ്തമായ നടപടികൾ സ്വീകരിക്കും.

സ്ത്രീ ശാക്തീകരണത്തിന് നൂതന പദ്ധതികൾ

പുതിയ കാലവും ലോകവും സ്ത്രീ മുന്നേറ്റത്തിന്റേതാണ്. അടുക്കളയിലും അരങ്ങിലും അമരത്തും സ്ത്രീ സമൂഹത്തിന്റെ നിറസാന്നിധ്യമുണ്ട്. ചെറിയ സംരംഭങ്ങളിലൂടെ സാമ്പത്തിക ഭദ്രത കൈവരിച്ചു വിജയം നേടിയെടുത്ത നിരവധി സ്ത്രീ സംരംഭകർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. പുതിയ ആശയങ്ങളും നവീന പദ്ധതികളും കോർത്തിണക്കി സംരംഭകത്വം മേഖലയിൽ നൂതന പദ്ധതികൾക്ക് രൂപം നൽകണം. അതുവഴി നിരവധി പേർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും സാധ്യമാവും.

ആരിഫ വി
പ്രസിഡന്റ്



അദ്ധ്യായം : 1

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി അവസ്ഥ

പഴയ കരുമരക്കാട് അംശത്തിൽപ്പെട്ട വാഴക്കാട് , കരുമരക്കാട് , അനന്തായൂർ ദേശങ്ങളും ചെറുവായൂർ അംശത്തിൽ ഉൾപ്പെട്ട ചെറുവായൂർ , ചാലിയപ്പുറം , മപ്രം ദേശങ്ങളും ഉൾപ്പെട്ട ഭൂപ്രദേശമാണ് വാഴക്കാട് ഗ്രാമപഞ്ചായത്ത്. മുസ്ലിംകളും ഹിന്ദുക്കളും ഇടകലർന്ന് സൗഹാർദ്ധവും സാഹോദര്യവും നിലനിന്നുപോരുന്ന ഒരു പ്രദേശമാണ് വാഴക്കാട്. വാഴക്കാടിന്റെ സംസ്കാരം വളർത്തിയെടുക്കുന്നതിൽ ചാലിയാറിന് നിസ്സീമമായ പങ്കാണുള്ളത്. ഒരു കാലത്ത് മറ്റ് പ്രദേശങ്ങളിലെ ജനങ്ങൾ യാത്രാ സൗകര്യം ഇല്ലാതെ വലഞ്ഞപ്പോൾ വാഴക്കാട്ടുകാർക്ക് ചാലിയാറിലെ ഗതാഗതം വളരെയധികം സഹായകമായി. കൃഷിയാണ് വാഴക്കാടിന്റെ പ്രധാന തൊഴിൽ. 1960-കളിൽ മാവൂരിലെ ഗ്വോളിയോർ റയോൺസിന്റെ വരവോടെ വാഴക്കാട്ടുകാർ അവരുടെ ജോലി മേഖല വ്യവസായത്തിലേക്ക് തിരിഞ്ഞു. 1990-കളിൽ ഗ്രാസിം കമ്പനി പൂട്ടിയതോടെ വാഴക്കാട്ടുകാർ വീണ്ടും കൃഷിയിലേക്ക് തിരിഞ്ഞു. വാഴക്കാടിന്റെ പുരോഗതിക്ക് മറ്റൊരു വിഭാഗം പ്രവാസികളായിരുന്നു. അന്യരാജ്യങ്ങളിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് പ്രവാസികളുടെ പ്രയത്നഫലമായിട്ടാണ് ഇന്ന് നാം കാണുന്ന വാഴക്കാടിന്റെ പ്രതാപവും ഐശ്വര്യവും. 2018-ലും 2019-ലും ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയം പഞ്ചായത്തിനെ വലിയ തോതിലാണ് ബാധിച്ചത്. പഞ്ചായത്തിലെ 22 വാർഡിനെയും പ്രളയം ബാധിച്ചതിലൂടെ കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളാണുണ്ടായത്. പശ്ചാത്തല മേഖലയിലൂടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും റോഡുകളും നടപ്പാതകളും ഗതാഗത യോഗ്യമാക്കാൻ സാധിച്ചു. അടിസ്ഥാന സൗകര്യമായ വൈദ്യുതിയുടെ പ്രാധാന്യം ഉൾക്കൊണ്ടുതന്നെ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തിക്കാൻ സാധിച്ചു. കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ ലക്ഷ്യമിട്ട് ജലജീവൻ മിഷൻ പ്രവർത്തനം പഞ്ചായത്തിൽ സജീവമായി നടക്കുന്നുണ്ട്. വാഴക്കാട് സ്ഥിതി ചെയ്യുന്നത് ചാലിയാറിന്റെ തീരത്താണെങ്കിലും ചാലിയാറിലെ വിഭവം വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. ജലജീവൻ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കുടിവെള്ള പ്രശ്നത്തിന് നമ്മുടെ പഞ്ചായത്തിൽ ശാശ്വത പരിഹാരമാവുന്നതാണ്. എൽ.പി വിഭാഗത്തിൽ ആറ് സർക്കാർ സ്കൂളും , രണ്ട് എയ്ഡഡ് സ്കൂളും യു.പി. വിഭാഗത്തിൽ ഒരു സർക്കാർ സ്കൂളും നാല് എയ്ഡഡ് സ്കൂളും രണ്ട് സർക്കാർ ഹൈസ്ക്കൂളും ഒരു ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളും ഒരു അറബിക് കോളേജും ഒരു ബി.എഡ് കോളേജും ഒരു ITI കോളേജും വാഴക്കാട് പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നു. എല്ലാ വാർഡുകളിലും അംഗനവാടികൾ പ്രവർത്തിക്കുന്നു. എന്നാൽ അവയിൽ പലതിന്റെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതി

നിർദ്ദേശങ്ങളാണ് പഞ്ചായത്ത് മുന്നോട്ട് വെക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ നാം നേടേണ്ട പുരോഗതി സാങ്കേതിക മേഖലയിലാണ്. അതിനായി വാഴക്കാടിന് ലഭിച്ച ഐ.ടി.ഐ.യുടെ പ്രവർത്തനം നാട്ടുകാരുടെയും അഭ്യുദയകാംക്ഷികളുടെയും സഹായ സഹകരണത്തോടെ തുടങ്ങാൻ സാധിച്ചത് പഞ്ചായത്തിന്റെ ഒരു മികച്ച കാൽവെപ്പാണ്.

1972-ൽ റൂറൽ ഡിസ്പെൻസറിയായി അനുവദിച്ച് പിൽക്കാലത്ത് പ്രൈമറി ഹെൽത്ത് സെന്റർ ആക്കപ്പെട്ട ഒരു അലോപ്പതി ആശുപതിയായിരുന്ന കേന്ദ്രം ഇപ്പോൾ എഫ്.എച്ച്.സി. ആയി ഉയർത്തിയത് വാഴക്കാട്ടുകാർക്ക് ഒരു ആശ്വാസമായി. പ്രളയാനന്തരം റീ-ബിൽഡ് കേരളയുടെ ഭാഗമായി നമുക്ക് ലഭിച്ച കെട്ടിടം വി.പി.എസ്. ഗ്രൂപ്പിന്റെ ധനസഹായത്തോടെ നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. വാഴക്കാട് എഫ്.എച്ച്.സി.യിൽ ഈവനിംഗ് ഒ.പി. ആരംഭിക്കുക വഴി രോഗികളുടെ പ്രയാസത്തിന് അറുതി വരുത്തുകയും ആരോഗ്യമേഖലയിൽ വളരെ മാറ്റങ്ങൾ വരുത്താനും സാധിച്ചിട്ടുണ്ട്.. പ്ലാസ്റ്റിക് മുക്ത വാഴക്കാട് എന്ന ലക്ഷ്യവുമായി നടപ്പിലാക്കിയ "എന്റെ നാട് നല്ല നാട്" എന്ന പദ്ധതി നാട്ടുകാർ ഒറ്റമനസ്സോടുകൂടിയാണ് വിജയിപ്പിച്ചത്. ആധുനിക രീതിയിലുള്ള അറവുശാലകളുടെയും, മത്സ്യ മാർക്കറ്റിന്റെയും അഭാവം പഞ്ചായത്ത് നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നം ചില്ലറയല്ല. ആയതിന് നാം പരിഹരിക്കേണ്ടതുണ്ട്. VBGRAMG പദ്ധതിയിലൂടെ മണ്ണ് , ജലം സംരക്ഷണത്തിനും കാർഷിക മേഖലയുടെ പുരോഗതിക്കും സ്ത്രീ ശാക്തീകരണത്തിനും പ്രാധാന്യം നൽകാൻ ലക്ഷ്യമിടുന്നു.

അദ്ധ്യായം : 2

മുൻവാർഷിക പദ്ധതി അവലോകനം

വാഴക്കാട് പഞ്ചായത്ത് 2026-27 വാർഷിക പദ്ധതി കാർഷിക രംഗത്തെ വളർച്ചയും അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും ഊന്നൽ നൽകിയാണ് തയ്യാറാക്കിയിരിക്കുന്നത്. ലക്ഷ്യമിട്ട മുഴുവൻ പദ്ധതികളും പൂർത്തീകരിച്ച് മുഴുവൻ ഫണ്ടും വിനിയോഗിക്കുന്നതിനുള്ള ശ്രമം ഭരണസമിതി നടത്തി വരുന്നുണ്ട്. വാർഷിക പദ്ധതിയുടെ രൂപീകരണം മുതൽ ഓരോ ഘട്ടത്തിലും കൃത്യമായ അവലോകനം നടത്തി ഫണ്ടിന്റെ പൂർണമായ വിനിയോഗം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിലൂടെ പഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ എല്ലാം കയറ്റി അയക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. എടവണ്ണപ്പാറ ബസ് സ്റ്റാൻഡ് ബൈ പാസ് ഡ്രൈനേജ് സംവിധാനം ഒരുക്കൽ , പഞ്ചായത്തിലെ സ്കൂളുകളിലേക്ക് ബെഞ്ച് , ഡെസ്ക് നൽകൽ തുടങ്ങിയ പദ്ധതികൾ പഞ്ചായത്ത് മികച്ച രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതി , വീട് വാസ യോഗ്യമാക്കൽ പദ്ധതികളിലൂടെ വാഴക്കാട് ഗ്രാമപഞ്ചായത്തിലെ ഒട്ടേറെ പേർക്ക് വീടിന് ധനസഹായം നല്കാൻ സാധിച്ചിട്ടുണ്ട്. വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭത്തിന് ധനസഹായം നൽകൽ , കോടിയമ്മൽ അംഗൻവാടി നിർമ്മാണം , എന്റെ നാട് നല്ല നാട് - മാലിന്യ നിർമ്മാർജ്ജന പരിപാടി , എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് , എടവണ്ണപ്പാറ ബസ് സ്റ്റാന്റിലേക്കുള്ള റോഡ് പുനരുദ്ധാരണം , ഓർഗാനിക് കമ്പോസ്റ്റിംഗ് ബിൻ വിതരണം തുടങ്ങിയ പദ്ധതികൾ ഈ വർഷത്തിൽ മികച്ച രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്.



അദ്ധ്യായം : 3

പ്രശ്നവിശകലനവും പ്രശ്നപരിഹാര സാധ്യതകളും

കൃഷി ആദായകരമല്ലാത്ത അവസ്ഥ , കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് , കാലാവസ്ഥാ വ്യതിയാനം , കൃഷി ഭൂമി തരിശാക്കി ഇടൽ , വിപണന സൗകര്യമില്ലായ്മ, വെള്ളക്കെട്ട്, ജലസേചന അപര്യാപ്തത എന്നിവയെല്ലാം കാർഷിക മേഖലയിൽ പ്രശ്നങ്ങളായി ഇപ്പോഴും നിലനിൽക്കുന്നു. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ വിലവർദ്ധന , പാലിന്റെ വിലക്കുറവ് , കന്നുകാലികൾ , മറ്റു വളർത്തുജീവികളിൽ കണ്ടുവരുന്ന മാരക രോഗങ്ങൾ എന്നിവ മൃഗസംരക്ഷണ മേഖലയിലെ പ്രതിസന്ധികളാണ്. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിലും കോളനികളിലും അവശേഷിക്കുന്ന പ്രശ്നങ്ങൾക്കുകൂടി പരിഹാരമുണ്ടാക്കാൻ കഴിയണം. സ്ത്രീകൾ കുടുംബത്തിലും സമൂഹത്തിലും നിരവധി പ്രശ്നങ്ങൾ അനുഭവിക്കുന്നു. ആരോഗ്യരംഗത്ത് മാലിന്യ പ്രശ്നങ്ങളും പരിസര ശുചിത്വ കുറവും ശുദ്ധമായ കുടിവെള്ളത്തിന്റെ അഭാവവും നിമിത്തം സാംക്രമിക രോഗങ്ങൾ പലപ്പോഴും ഉണ്ടാവുന്ന സ്ഥിതിയുണ്ട്. കാൻസർ , വ്യക്കരോഗങ്ങൾ എന്നിവ വർധിച്ച തോതിൽ കാണുന്നു. മിനി വ്യവസായ എസ്റ്റേറ്റിന് സ്ഥലം കണ്ടെത്താൻ കഴിയാത്തത് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പരിജ്ഞാനക്കുറവ് , ഉത്പ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത അവസ്ഥ എന്നിവ ചെറുകിട വ്യവസായ മേഖല നേരിടുന്ന മുഖ്യ പ്രശ്നങ്ങളാണ്. ഇത്തരം പ്രശനങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള ശ്രമങ്ങളുണ്ടാകും. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും റോഡുകൾ നിലവിലുണ്ട്. പലതും പ്രവർത്തി പൂർത്തിയായിട്ടില്ല പ്രവർത്തി പൂർത്തിയാവാത്ത റോഡുകളുടെ പൂർത്തികരണം , ഗുണനിലവാരം മെച്ചപ്പെടുത്തൽ അവയുടെ സംരക്ഷണം എന്നിവ അടിയന്തിരമായി ഏറ്റെടുക്കേണ്ടതുണ്ട് സ്ഥലവും വീടും ഇല്ലാത്തവരും , സ്ഥലമുണ്ടായിട്ടും വീടില്ലാത്തവരും , വീട് പുനരുദ്ധാരണം ആവശ്യമായിട്ടുള്ളവരുമായ ധാരാളം പേർ ഇപ്പോഴും നമ്മുടെ പഞ്ചായത്തിലുണ്ട്. പല കുടുംബങ്ങളും പരമ ദാരിദ്ര്യത്തിൽ കഴിയുന്ന അവസ്ഥയുമുണ്ട്. വൃദ്ധർ , കുട്ടികൾ , ഭിന്നശേഷിയുള്ളവർ എന്നിവരുടെ മേഖലയിൽ നിരവധി പ്രശനങ്ങൾ നിലനിൽക്കുന്നു. കുടിവെള്ള ലഭ്യത കുറഞ്ഞ പല പ്രദേശങ്ങളും ഇന്നും പഞ്ചായത്തിൽ ഉണ്ട്. ജലസ്രോതസ്സുകളുടെ ജലലഭ്യത കുറഞ്ഞുവരുന്ന സ്ഥിതി നിലനിൽക്കുന്നു. കുടിവെള്ള ജലസ്രോതസ്സുകൾ മലിനമാകുന്ന സ്ഥിതിവിശേഷവും കൂടിവരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വർദ്ധനവ് , കുളങ്ങളും , തോടുകളും , പുഴയും മലിനീകരിക്കൽ എന്നിവ വ്യാപകമാണ്. ശാസ്ത്രീയ അറവുശാല , മത്സ്യമാംസ മാർക്കറ്റ് എന്നിവയുടെ അഭാവം മലിനീകരണം വർധിക്കുന്നു. ജലജീവൻ പദ്ധതി യാഥാർത്ഥമാകുന്നതിലൂടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ലൈഫ് പാർപ്പിട പദ്ധതി നടപ്പിലാക്കുന്നതോടുകൂടി പാർപ്പിട പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും.



അധ്യായം –4

വികസന കാഴ്ച്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രങ്ങൾ

വികസന കാഴ്ചപ്പാട് : വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ സമസ്ത മേഖലയുടെ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടാണ് 2026-27 സാമ്പത്തിക വർഷത്തെ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ജലസേചന പദ്ധതികൾക്കും കാർഷിക മേഖലക്കും സ്ത്രീ ശാക്തീകരണത്തിനും പ്രത്യേകം ഊന്നൽ നൽകികൊണ്ടുള്ള പദ്ധതിയാണ് വിഭാവനം ചെയ്തത്. എല്ലാവർക്കും പാർപ്പിടം ലക്ഷ്യമാക്കിക്കൊണ്ടുള്ള ലൈഫ്മിഷൻ പദ്ധതിക്ക് പരമാവധി തുക വകയിരുത്തിക്കൊണ്ടാണ് പദ്ധതി ആസൂത്രണം ചെയ്തത്. പൊതുജനാരോഗ്യവും മാലിന്യനിർമാർജനവും പശ്ചാത്തല മേഖലയിലെ റോഡുകളുടെയും പുരോഗതി ഈ വർഷത്തെ പദ്ധതി ലക്ഷ്യമിടുന്നു. പഞ്ചായത്തിന് ലഭ്യമായ വികസന ഫണ്ട് വാർഡ് തലത്തിൽ വീതിക്കാതെ പഞ്ചായത്തിനെ ഒറ്റ യൂണിറ്റാക്കി കണ്ട് അർഹതപ്പെട്ടവരെയും, അർഹതപ്പെട്ട പ്രദേശത്തിനും ഫണ്ട് വിനിയോഗിച്ച് ഉദ്ദേശ്യലക്ഷ്യങ്ങൾ കണ്ടെത്തുക എന്നത് തന്ത്രമായി സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഓഡിറ്റോറിയം മികവുറ്റ രീതിയിൽ നവീകരിക്കുക , പുതിയ അഡ്മിനിസ്ട്രേറ്റീവ് ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണം , സർവ്വസൗകര്യങ്ങളോടെ മനോഹരമായ MCF നിർമ്മാണം എന്നിവ ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ലക്ഷ്യങ്ങൾ : പൊതുജനാരോഗ്യ-പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തന്നതിനും മണ്ണും ജലവും ഇതര പ്രകൃതി വിഭവങ്ങളും കൃഷിയും സംരക്ഷിക്കുന്നതിനും മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനും ഭൂരഹിതരും ഭവനരഹിതരും അഗതികളും ഇല്ലാത്ത പഞ്ചായത്താക്കി മാറ്റുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

വികസന തന്ത്രം : പഞ്ചായത്തിനെ എല്ലാ രംഗത്തും ഉന്നതിയിൽ എത്തിക്കുന്നതിന് ലളിതവും കാലതാമസം ഒഴിവാക്കുന്നതും മുഴുവൻ ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതുമായ വികസന സമീപനമാണ് പഞ്ചായത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ടുകൊണ്ടുള്ള വികസനതന്ത്രവും സമീപനവുമാണ് സ്വീകരിച്ചിരിക്കുന്നത്. പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചും നികുതി പിരിവ് കാര്യക്ഷമമാക്കിയും വാടക കൃത്യമായി പിരിച്ചെടുത്തും തനത് ഫണ്ട് പരമാവധി സമാഹരിക്കാൻ നടപടി സ്വീകരിക്കും.

പ്രതീക്ഷിത വിഭവസ്രോതസ്സുകളും വകയിരുത്തലുകളും

SL.NO	വിഭവ സ്രോതസ്സ്	വകയിരുത്തിയ തുക	
1	വികസന ഫണ്ട്	വിഭാഗം	2026-2027
		വികസന ഫണ്ട് സാധാരണ വിഹിതം	36975000
		എസ് സി പി	9949000
		ടി എസ് പി	142000
		ധനകാര്യ കമ്മീഷൻ അവാർഡ് - BASIC	1851000
		ധനകാര്യ കമ്മീഷൻ അവാർഡ് - TIED	1851000
2	മെയിന്റനൻസ് ഫണ്ട്	റോഡ്	18406000
		റോഡ് ഇതരം	10022000
3	തനത് ഫണ്ട്		38082390
4	കേന്ദ്രാവിഷ്കൃത ഫണ്ട്		2000000
5	സംസ്ഥാനവിഷ്കൃത ഫണ്ട്		2000000
6	ബ്ലോക്ക് പഞ്ചായത്ത്		5450000
7	ജില്ലാ പഞ്ചായത്ത്		4525000
8	മറ്റുള്ളവ		2855000



അധ്യായം - 6

2026-2027 വർഷത്തെ പദ്ധതികളും അവയുടെ വിശദാംശങ്ങളും

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെ തുക
1	1	അംഗൻവാടി നടവരമ്പത്ത് റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 300000	300000
2	2	ഐകെഎം വിഹിതം നൽകൽ	SEC (GP)	Development Fund(General) - 120000	120000
3	3	എസ് എസ് കെ വിഹിതം നൽകൽ	SEC (GP)	Development Fund(General) - 700000	700000
4	4	പൗരാവകാശ രേഖ പുതുക്കൽ	SEC (GP)	Own Fund - 30000	30000
5	5	ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ള വിതരണം	SEC (GP)	Own Fund - 250000	250000
6	6	അതിദരിദ്ര ആശ്രയ കുടുംബങ്ങളുടെ ഹരിതകർമസേന യൂസർ ഫീ അടവാക്കൽ	SEC (GP)	Own Fund - 100000	100000
7	7	കേരളോത്സവം	SEC (GP)	Own Fund - 150000	150000
8	8	മിനി മാസ്റ്റ് ലൈറ്റ് റിപ്പയർ	SEC (GP)	Own Fund - 200000	200000
9	9	സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും തകരാറിലായവ റിപ്പയർ ചെയ്യലും	SEC (GP)	Own Fund - 300000	300000
10	10	വാർഷിക പദ്ധതി നിർവ്വഹണ ചിലവുകൾ	SEC (GP)	Own Fund - 400000	400000
11	12	അയിലാത്തടം പാറക്കൽ പുറായ റോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 200000	200000
12	13	ആലുങ്ങപറമ്പ് തിരുവാലൂർ മമ്മട്ടംചോല റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 500000	500000
13	14	അവുഞ്ഞികാട്ടു പറമ്പിൽ റോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 250000	250000
14	15	ആശാരിക്കണ്ടി പൂവത്തിക്കണ്ടി റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 300000	300000
15	16	എം എൽ എ കാവാട്ട് റോഡ് റീ കോൺക്രീറ്റ് സൈഡ് കെട്ട്	AE(LSGD)	Maintenance Fund - Road Assets - 500000	500000
16	17	ഓട്ടുപാറ ആറ്റശ്ശേരി റോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 300000	300000
17	18	എടവണ്ണപ്പാറ ചീടിക്കുഴി തടായി റോഡ് റീ ടാറിംഗ്	AE(LSGD)	Maintenance Fund - Road Assets - 500000	500000
18	19	ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി	DFI	Development Fund(General) - 300000 , Receipts from other LSG's (Block Panchayats) - 200000 , Receipts from other LSG's (District Panchayat) - 200000	700000
19	20	കണ്ണത്തുംപാറ വെലിരിപ്പറ്റ കുറ്റിയോട്ട് താഴം റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 300000	300000
20	21	കുനിക്കുത്ത് തെക്കേത്തലക്കൽ റോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 200000	200000
21	22	സമഗ്ര നെൽ കൃഷി വികസനം	AO	Development Fund(General) - 700000 , Receipts from other LSG's (Block Panchayats) - 500000	1200000

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെ തുക
22	23	സമഗ്ര വാഴ കൃഷി വികസനം - കൂലി ചെലവ് സബ്സിഡി	AO	Development Fund(General) - 700000	700000
23	24	കർഷകർക്ക് സോളാർ ഫെൻസിംഗ്	AO	Development Fund(General) - 250000 , Beneficiary Contribution (Direct Expenditure) - 250000	500000
24	25	കുയ്യിൽതൊടി പുതിയതൊടി റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 150000	150000
25	26	സമഗ്ര പുഞ്ചക്കൃഷി വ്യാപന പദ്ധതി	AO	Development Fund(General) - 250000	250000
26	27	കേലസ്സും തൊടി അയ്യൻചോല റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 300000	300000
27	28	കൊടക്കാട്ടിൽ താഴം കുഴികണ്ടത്തിൽ താഴം റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 300000	300000
28	29	കൃഷിഭവനുള്ള കണ്ടിജെൻസി ചെലവ് വഹിക്കൽ	AO	Maintenance Fund - Non-road Assets - 50000	50000
29	30	കൊളത്തൂപുറത്ത് താഴം കരുവാടി റോഡ് കോൺക്രീറ്റ് സൈഡ് കെട്ട്	AE(LSGD)	Own Fund - 400000	400000
30	31	ചാമക്കാലായി കുളിക്കടവ് റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 300000	300000
31	32	ചീടിക്കുഴി ഒരലാശ്ശേരി കോലോത്തുംപറമ്പ് റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 200000	200000
32	33	അനുപൂരക പോഷകാഹാരം	SUP (ICDS)	Development Fund(General) - 1000000 , Centrally Sponsored Scheme Fund - 2000000	3000000
33	34	അങ്കണവാടി കലോത്സവം	SUP (ICDS)	Development Fund(General) - 30000	30000
34	35	ചെത്ത് പാലം തച്ചറക്കാവിൽ റോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 300000	300000
35	36	അങ്കണവാടികളുടെയും ഐസിഡിഎസ് ഓഫീസിന്റെയും കണ്ടിജൻസി ചിലവുവഹിക്കൽ	SUP (ICDS)	Maintenance Fund - Non-road Assets - 150000	150000
36	38	ഇടശ്ശേരിക്കുന്ന് അംഗൻവാടി നടപ്പാത പുനരുദ്ധാരണം	AE(LSGD)	Own Fund - 700000	700000
37	39	വലിയ പറമ്പത്ത് പുളിക്കത്തൊടി ശ്മശാനം റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(S.C.P) - 393215	393215
38	41	പൂവാടിച്ചാലിൽ എസ് സി കോളനി റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(S.C.P) - 150000	150000
39	42	കോഴിക്കോടൻ കുഴി ചേലാട്ടുമ്മൽ എസ് സി കോളനി റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(S.C.P) - 150000	150000
40	45	ഭിന്നശേഷി കുട്ടികളുടെ കലാകായികമേള നടത്തൽ	SUP (ICDS)	Development Fund(General) - 75000	75000

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെതുക
41	46	കമ്മ്യൂണിറ്റി വുമൺ ഫാസിലിറ്റേറ്റർ വേതനം	SUP (ICDS)	Own Fund - 100000	100000
42	47	റിസോഴ്സ് പേഴ്സൺ വേതനം നൽകൽ	SEC (GP)	Own Fund - 108000	108000
43	48	ശ്രുതി തരംഗം - ക്ലോക്ലിയർ ഇമ്പ്ലാന്റേഷൻ സർജറി കഴിഞ്ഞ കുട്ടികൾക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങാൻ ധനസഹായം	SEC (GP)	Development Fund(General) - 250000	250000
44	50	ഡിജി കേരളം പദ്ധതി - രണ്ടാം ഘട്ടം	SEC (GP)	Own Fund - 50000	50000
45	51	വിരിപ്പാടം നീന്തൽകുളം - സ്ഥലം വാങ്ങൽ	SEC (GP)	Own Fund - 100000	100000
46	52	പഞ്ചായത്തിന് പൊതു കളിസ്ഥലം നിർമ്മിക്കാൻ ഭൂമി വാങ്ങൽ	SEC (GP)	Own Fund - 200000	200000
47	54	കൃഷിയും വിനോദസഞ്ചാരവും കൂട്ടിയിണക്കി ഫാം ടൂറിസം പ്രൊജക്റ്റ്	SEC (GP)	Own Fund - 150000	150000
48	55	എടവണ്ണപ്പാറ പൊതുകളിസ്ഥലത്തിന് ഭൂമി വാങ്ങൽ	SEC (GP)	Own Fund - 1000000 , Receipts from other LSG's (Block Panchayats) - 500000 , Receipts from other LSG's (District Panchayat) - 1500000	3000000
49	56	വാഴക്കാട് ഗവ യു പി സ്കൂൾ പെയിന്റിംഗ് ടൈൽ വിരിക്കൽ	AE(LSGD)	Maintenance Fund - Non-road Assets - 500000	500000
50	57	എളമരം നീന്തൽ കുളം നിർമ്മാണത്തിന് സ്ഥലം വാങ്ങൽ	SEC (GP)	Own Fund - 100000 , Receipts from other LSG's (District Panchayat) - 500000	600000
51	58	പിഎംഎവൈ ഭവന പദ്ധതി - പഞ്ചായത്ത് വിഹിതം അനുവദിക്കൽ - ജനറൽ	SEC (GP)	Development Fund(General) - 800000	800000
52	61	പഞ്ചായത്ത് ഓഫീസ് നവീകരണം	SEC (GP)	Own Fund - 3000000	3000000
53	62	ചാലിയാർ മണൽതലക്കടവ് ജലോത്സവം	SEC (GP)	Own Fund - 100000	100000
54	63	വിരിപ്പാടം അംഗൻവാടി നിർമ്മാണത്തിന് ഭൂമി വാങ്ങൽ	SEC (GP)	Own Fund - 200000	200000
55	64	പണിക്കരപ്പുറായ മിനി സ്റ്റേഡിയത്തിന് ഭൂമി വാങ്ങൽ	SEC (GP)	Own Fund - 200000 , Receipts from other LSG's (Block Panchayats) - 500000 , Receipts from other LSG's (District Panchayat) - 500000	1200000
56	68	പിഎംഎവൈ ഭവന പദ്ധതി - പഞ്ചായത്ത് വിഹിതം - എസ് സി	SEC (GP)	Development Fund(S.C.P) - 400000	400000
57	69	അതി ദരിദ്ര നിർമ്മാർജ്ജന പദ്ധതി - രണ്ടാം ഘട്ടം	SEC (GP)	Own Fund - 100000	100000
58	70	വനിത ശാക്തീകരണം -ജാഗ്രത സമിതി നടത്തിപ്പ് ചിലവുകൾ	SUP (ICDS)	Development Fund(General) - 50000	50000

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെതുക
59	71	ബഡ്സ് സ്കൂൾ ഭക്ഷണ ചിലവുകൾ	SUP (ICDS)	Own Fund - 200000	200000
60	72	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ് - ജനറൽ	SUP (ICDS)	Development Fund(General) - 2200000 , Receipts from other LSG's (Block Panchayats) - 950000 , Receipts from other LSG's (District Panchayat) - 325000	3475000
61	73	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ് - എസ് സി	SUP (ICDS)	Development Fund(S.C.P) - 300000	300000
62	74	വനിതകൾക്ക് യോഗ പരിശീലനം	SUP (ICDS)	Development Fund(General) - 150000	150000
63	75	മൃഗാശുപത്രി കെട്ടിട പുനരുദ്ധാരണവും ചുറ്റുമതിൽ നിർമ്മാണവും	AE(LSGD)	Maintenance Fund - Non-road Assets - 500000	500000
64	76	എളമരം നീന്തൽകുളം നിർമ്മാണം	AE(LSGD)	Own Fund - 500000	500000
65	77	പെണ്ണൊരുമ -വനിതാ കലാ സാംസ്കാരിക മേള	SUP (ICDS)	Development Fund(General) - 400000 , Development Fund(16thFC UnTied Grant) - 100000	500000
66	78	എടവണ്ണപ്പാറ അടൂർപുറായ നടപ്പാത പുനരുദ്ധാരണം	AE(LSGD)	Maintenance Fund - Road Assets - 300000	300000
67	79	എളംകുഴി നടക്കലക്കണ്ടി മാട്ടുപുറം റോഡ് സൈഡ് കെട്ട് കോൺക്രീറ്റ്	AE(LSGD)	Own Fund - 500000 , Maintenance Fund - Road Assets - 200000	700000
68	80	കടുകശ്ശേരി നടക്കലക്കണ്ടി റോഡ് സൈഡ് കെട്ട്	AE(LSGD)	Maintenance Fund - Road Assets - 200000	200000
69	81	പകൽവീട് നടത്തിപ്പ്	SUP (ICDS)	Development Fund(General) - 500000	500000
70	82	കണ്ണത്തുംപാറ ഓട്ടുപാറ റോഡ് റീ കോൺക്രീറ്റ്	AE(LSGD)	Maintenance Fund - Road Assets - 400000	400000
71	83	കണ്ണത്തുംപാറ കോരോത്ത് റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 350000	350000
72	84	കൊടിമരത്തിങ്ങൽ ചോലക്കുഴി റോഡ് സൈഡ് കെട്ട് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 300000	300000
73	85	കൊന്നാര് മഖാം റോഡ് റീ കോൺക്രീറ്റ്	AE(LSGD)	Maintenance Fund - Road Assets - 700000	700000
74	86	കോട്ടയം കുന്നത്ത് കോളനി നടപ്പാത പുനരുദ്ധാരണം	AE(LSGD)	Development Fund(S.C.P) - 200000	200000
75	87	കോരപ്പാടം മണ്ണംപറമ്പ് റോഡ് റീ കോൺക്രീറ്റ്	AE(LSGD)	Maintenance Fund - Road Assets - 300000	300000
76	89	ഓർമ്മത്തിരി -വയോജന സംഗമം സംഘടിപ്പിക്കൽ	SUP (ICDS)	Development Fund(General) - 500000	500000
77	90	ചെറുവട്ടൂർ മാണിയോട്ടുമൂല റോഡ് മണ്ണ് ഫില്ലിംഗ് സൈഡ് കെട്ട് കോൺക്രീറ്റ്	AE(LSGD)	Own Fund - 200000 , Maintenance Fund - Road Assets - 100000	300000

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെതുക
78	92	താഴെ പാലപ്ര റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 360000	360000
79	93	മധുര വെയിൽ -വയോജനങ്ങൾക്ക് സഹവാസ ക്യാമ്പ് സംഘടിപ്പിക്കൽ	SUP (ICDS)	Development Fund(General) - 500000	500000
80	94	പഴങ്കഥകളുടെ പാതയിലൂടെ	SUP (ICDS)	Development Fund(General) - 500000	500000
81	95	തൈക്കൂട്ടത്തിൽ പറശ്ശേരിക്കുഴി എൻ എസ് എസ് റോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 200000	200000
82	96	നരിമടക്കൽ ചെറുകുന്നത്ത് റോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 150000	150000
83	97	പടിഞ്ഞാറെയിൽ കാച്ചാത്ത് റോഡ് കോൺക്രീറ്റ് വീതികൂട്ടൽ	AE(LSGD)	Development Fund(General) - 400000	400000
84	98	മഠത്തിൽ കാവാട്ട് റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 300000	300000
85	100	വട്ടപാറ പള്ളിയാളി ചോലയിൽ റോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 240000	240000
86	101	മണിതോട്ടത്തിൽ ചക്കുംപുറായിറോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 150000	150000
87	104	പാഞ്ചിരി ആണാട്ട് റോഡ് പുനരുദ്ധാരണം	AE(LSGD)	Maintenance Fund - Road Assets - 600000	600000
88	106	തെക്കേകണ്ടി കൊന്നക്കോട് റോഡ് പുനരുദ്ധാരണം	AE(LSGD)	Maintenance Fund - Road Assets - 500000	500000
89	107	പണിക്കരപുരായ കോലോത്തുംകടവ് റോഡ് പുനരുദ്ധാരണം	AE(LSGD)	Maintenance Fund - Road Assets - 800000	800000
90	109	വാരിയത്ത് ആയിലാകുഴി റോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 200000	200000
91	110	വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭത്തിന് ധനസഹായം നൽകാന് കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട്-	VEO/LVEO	Development Fund(General) - 1500000	1500000
92	112	വെള്ളാരംചോല കോടിയമ്മൽ റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 200000	200000
93	113	കണ്ണത്തുംപാറ കാക്കാട്ടീരി പുറായി എസ് സി കോളനി റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(S.C.P) - 150000	150000
94	114	ലൈഫ് - മിഷൻ പദ്ധതി - ജനറൽ 26-27	VEO/LVEO	Development Fund(General) - 5000000 , State Sponsored Scheme Fund - 1000000 , Loans from Financial Institutions - 10000000 , Receipts from other LSG's (Block Panchayats) - 500000 , Receipts from other LSG's (District Panchayat) - 500000	17000000
95	115	സമഗ്ര പച്ചക്കറി ഉല്പാദന പദ്ധതി	AO	Development Fund(General) - 300000	300000

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെതുക
96	116	പെരുംകൊല്ലപ്പാടം കനാൽ പുനർ നിർമ്മാണം	AE(LSGD)	Own Fund - 500000	500000
97	117	മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ	VETS	Maintenance Fund - Non-road Assets - 600000	600000
98	118	കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം	VETS	Development Fund(General) - 800000 , Beneficiary Contribution/Donations (Remitted to the Panchayat) - 800000	1600000
99	119	കറവപ്പശുക്കൾക്ക് ധാതുലവണമിശ്രിതം വിതരണം	VETS	Development Fund(General) - 199200	199200
100	121	തെരുവുനായ്ക്കൾക്ക് പേവിഷബാധ പ്രതിരോധ കുത്തിവെപ്പ്	VETS	Own Fund - 50000	50000
101	123	മൃഗാശുപത്രിയിലേക്ക് കൺസുമബിൾസ് വാങ്ങൽ	VETS	Maintenance Fund - Non-road Assets - 50000	50000
102	124	മൃഗാശുപത്രിയിലെ കണ്ടിൻജൻസി ചെലവ് വഹിക്കൽ	VETS	Maintenance Fund - Non-road Assets - 75000	75000
103	125	വെട്ടുവെടിച്ചാലിൽ പുള്ളിശ്ശേരി പുറായി റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(S.C.P) - 150000	150000
104	126	കറവപ്പശുക്കൾക്ക് കാലിത്തീറ്റ എസ് സി	VETS	Development Fund(S.C.P) - 90000 , Beneficiary Contribution/Donations (Remitted to the Panchayat) - 30000	120000
105	127	ഐകുന്നുമ്മൽ രാജീവ് ദശ ലക്ഷം കോളനി റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(S.C.P) - 200000	200000
106	128	കുന്തിരിയാട്ടുകുഴി ആട് ഫാ0 റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(S.C.P) - 200000	200000
107	129	പരിരക്ഷ പദ്ധതി	MO (PHC)/(MO) CHC	Development Fund(General) - 700000 , Own Fund - 150000 , Receipts from other LSG's (Block Panchayats) - 300000	1150000
108	130	ചെറൂത്ത് പുറായി എസ് സി കോളനി റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(S.C.P) - 150000	150000
109	132	കോണത്ത് എസ് സി കോളനി റോഡ് റീ കോൺക്രീറ്റ്	AE(LSGD)	Development Fund(S.C.P) - 150000	150000
110	134	പണിക്കരപ്പുറായ അരയംകണ്ടത്തിൽ നടപ്പാത കോൺക്രീറ്റ്	AE(LSGD)	Own Fund - 300000	300000
111	135	പേങ്ങാട്ട് മനാട്ട് റോഡ് റീ ടാറിംഗ്	AE(LSGD)	Maintenance Fund - Road Assets - 200000	200000
112	136	സമഗ്ര ആരോഗ്യം	MO (PHC)/(MO) CHC	Own Fund - 100000	100000
113	137	FHC താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകൽ	MO (PHC)/(MO) CHC	Own Fund - 700000	700000
114	138	കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ	MO (PHC)/(MO) CHC	Maintenance Fund - Non-road Assets - 800000	800000

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെതുക
115	139	പഴംകുളം കണ്ടംത്തൊടി റോഡ് റീ കോൺക്രീറ്റ്	AE(LSGD)	Maintenance Fund - Road Assets - 300000	300000
116	140	ലൈഫ് ഭവന പദ്ധതി - എസ് സി 26-27	VEO/LVEO	Development Fund(S.C.P) - 1200000 , State Sponsored Scheme Fund - 1000000 , Loans from Financial Institutions - 4800000 , Receipts from other LSG's (Block Panchayats) - 500000 , Receipts from other LSG's (District Panchayat) - 500000	8000000
117	141	വീട് വാസയോഗ്യമാക്കൽ -ജനറൽ 26-27	VEO/LVEO	Development Fund(General) - 4000000	4000000
118	142	വീട് വാസയോഗ്യമാക്കൽ -എസ്സ് സി 26-27	VEO/LVEO	Development Fund(S.C.P) - 1300000	1300000
119	143	സൺഡേ മാർക്കറ്റ് - സംരംഭകരുടെ പ്രതിവാര വിപണന മേള	VEO/LVEO	Own Fund - 100000	100000
120	144	എസ് സി വിദ്യാർത്ഥികൾക്ക് മേശ കസേര നൽകൽ	As SEC (GP)	Development Fund(S.C.P) - 400000	400000
121	145	എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	As SEC (GP)	Development Fund(S.C.P) - 800000 , Receipts from other LSG's (District Panchayat) - 300000	1100000
122	146	എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്	As SEC (GP)	Development Fund(S.C.P) - 800000 , Receipts from other LSG's (District Panchayat) - 300000	1100000
123	147	മിശ്ര വിവാഹ ധനസഹായം	As SEC (GP)	Development Fund(S.C.P) - 150000	150000
124	148	വീട് വാസയോഗ്യമാക്കൽ -എസ്സ് ടി 26-27	VEO/LVEO	Development Fund(T.S.P) - 67120	67120
125	149	എസ് സി വിവാഹ ധനസഹായം	As SEC (GP)	Development Fund(S.C.P) - 1000000	1000000
126	150	കവണക്കല്ല് -ആക്കോട് ജലസേചന പദ്ധതി	AE(LSGD)	Development Fund(General) - 500000	500000
127	151	ഹരിതകർമ്മ സേന ഡ്രൈവർ കെയർ ടേക്കർ വേതനം	As SEC (GP)	Own Fund - 400000	400000
128	152	കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കിണർ റീചാർജ്	VEO/LVEO	Own Fund - 250000 , Beneficiary Contribution (Direct Expenditure) - 25000	275000
129	153	കുടുംബാരോഗ്യ കേന്ദ്രം OP ഷിഫ്റ്റിങ് പുനരുദ്ധാരണ പ്രവർത്തികൾ	AE(LSGD)	Maintenance Fund - Non-road Assets - 700000	700000
130	154	കള്ളിക്കാട് എക്കോ ടൂറിസം	As SEC (GP)	Own Fund - 200000	200000
131	155	എൻജിനീയറിംഗ് വിഭാഗത്തിലേക്ക് വാടകയ്ക്ക് വാഹനം ലഭ്യമാക്കൽ	AE(LSGD)	Own Fund - 400000	400000
132	156	ബഡ്സ് സ്കൂൾ പ്രവർത്തന ചിലവും ജീവനക്കാർക്ക് വേതനം നൽകലും	As SEC (GP)	Development Fund(General) - 150000 , Own Fund - 750000	900000

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെതുക
133	158	കുടുംബശ്രീ ബാലസഭാ പ്രവർത്തനങ്ങൾ	As SEC (GP)	Development Fund(General) - 30000	30000
134	159	എളമരം MCF നിർമ്മാണം	AE(LSGD)	Centrally Sponsored Scheme Fund - 2000000 , Own Fund - 500000	2500000
135	160	ആശ്രയ പദ്ധതി	As SEC (GP)	Development Fund(General) - 300000	300000
136	161	വിജ്ഞാന കേരളം പദ്ധതി - തൊഴിൽമേള സംഘടിപ്പിക്കൽ	As SEC (GP)	Own Fund - 200000	200000
137	162	ബഡ്സ് സ്കൂളിലേക്ക് സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ വാങ്ങൽ	As SEC (GP)	Development Fund(General) - 30000 , Centrally Sponsored Scheme Fund - 70000	100000
138	163	വി ഇഒ ഓഫീസ് പ്രവർത്തന ചെലവുകൾ	VEO/LVEO	Maintenance Fund - Non-road Assets - 30000	30000
139	164	കാരുണ്യഭവന് അടുത്ത് കുട്ടിവനം സ്ഥാപിക്കൽ	As SEC (GP)	Own Fund - 100000	100000
140	166	സാക്ഷരത തുടർവിദ്യാഭ്യാസ പദ്ധതി	HM(GLPS)	Own Fund - 150000	150000
141	167	വനിത ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റിന് സബ്സിഡി	VEO/LVEO	Development Fund(General) - 700000	700000
142	168	സ്കൂളുകളുടെ കണ്ടിജൻസി ചിലവ് വഹിക്കൽ	HM(GLPS)	Maintenance Fund - Non-road Assets - 300000	300000
143	169	വനിതകൾക്ക് PSC കോച്ചിംഗ് പരിശീലനം	HM(GLPS)	Development Fund(General) - 400000	400000
144	170	വിദ്യാർത്ഥികൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സ് പരിശീലനം	HM(GLPS)	Development Fund(General) - 400000	400000
145	171	യുനാനി ഹോസ്പിറ്റൽ ടോയ്ലറ്റ് നിർമ്മാണം	AE(LSGD)	Centrally Sponsored Scheme Fund - 100000 , Own Fund - 50000	150000
146	172	ചീടിക്കുഴി കോലോത്ത് റോഡ് പുനരുദ്ധാരണം	AE(LSGD)	Maintenance Fund - Road Assets - 200000	200000
147	173	ചീനിബസാർ മനന്തലക്കടവ് റോഡ് പൂർത്തീകരണം	AE(LSGD)	Development Fund(General) - 500000 , Maintenance Fund - Road Assets - 300000	800000
148	174	ചൂരപ്പട്ട പുളിശ്ശേരി വിരിപ്പാടം റോഡ് പുനരുദ്ധാരണം	AE(LSGD)	Own Fund - 200000 , Maintenance Fund - Road Assets - 200000	400000
149	175	അതിദരിദ്ര നിർമാർജ്ജന പദ്ധതി - മരുന്ന് വാങ്ങൽ	MO (PHC)/(MO) CHC	Maintenance Fund - Non-road Assets - 100000	100000
150	177	ആരോഗ്യ ഭേരി - ജീവിത ശൈലി കാൻസർ രോഗ നിർണ്ണയ ക്യാമ്പ്	MO (PHC)/(MO) CHC	Own Fund - 250000	250000
151	178	FHC കണ്ടിജൻസി ചിലവുകൾ	MO (PHC)/(MO) CHC	Maintenance Fund - Non-road Assets - 200000	200000
152	179	മുണ്ടംപറമ്പ് മണ്ണാറക്കൽ നടപ്പാത കോൺക്രീറ്റ്	AE(LSGD)	Own Fund - 100000	100000

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെതുക
153	180	വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് സെന്ററുകളുടെ വാടക	MO (PHC)/(MO) CHC	Own Fund - 150000	150000
154	182	വട്ടപ്പാറ തടത്തിൽ റോഡ് ടാറിംഗ്	AE(LSGD)	Development Fund(General) - 500000	500000
155	183	വളപ്പിൽ താഴം പൂളക്കലെടി റോഡ് പുനരുദ്ധാരണം	AE(LSGD)	Own Fund - 100000 , Maintenance Fund - Road Assets - 200000	300000
156	185	വനിതാ ജിം സ്ഥാപിക്കൽ	AE(LSGD)	Own Fund - 100000	100000
157	186	കൂളിമാട് പാലം ഓപ്പൺ ജിം സ്ഥാപിക്കൽ	AE(LSGD)	Own Fund - 100000	100000
158	187	മണ്ടകത്തിങ്ങൽ കുളിക്കടവ് നിർമ്മാണം	AE(LSGD)	Own Fund - 50000	50000
159	188	എടവണ്ണപ്പാറ ബസ് സ്റ്റാൻഡ് നവീകരണം	AE(LSGD)	Maintenance Fund - Road Assets - 1000000	1000000
160	189	തെക്കേമൂല വെളുമ്പിലാംകുഴി റോഡ് പുനരുദ്ധാരണം	AE(LSGD)	Maintenance Fund - Road Assets - 400000	400000
161	190	കളത്തിൽ മുക്കൊരക്കൽ മൂഴിക്കൽ റോഡ് പുനരുദ്ധാരണം	AE(LSGD)	Own Fund - 150000 , Maintenance Fund - Road Assets - 150000	300000
162	191	വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം	MO (PHC)/(MO) CHC	Development Fund(General) - 200000 , Development Fund(16thFC UnTied Grant) - 50000	250000
163	192	എം മാധവൻ നായർ സ്മാരക ലൈബ്രറി നവീകരണം	AE(LSGD)	Maintenance Fund - Non-road Assets - 300000	300000
164	193	ഹോമിയോ ഹോസ്പിറ്റലിലേക്ക് ലാപ്പ്ടോപ്പ് ഫാർമസി റാക്ക് വാങ്ങൽ	MO (HOM)	Maintenance Fund - Non-road Assets - 100000	100000
165	194	ആയുർവേദ യൂനാനി ഹോമിയോ ഹോസ്പിറ്റലുകളിലേക്ക് മരുന്ന് വാങ്ങൽ	MO (HOM)	Maintenance Fund - Non-road Assets - 1800000	1800000
166	195	കുഴിമുള്ളി തടായി സി എച് റോഡ് പുനരുദ്ധാരണം	AE(LSGD)	Maintenance Fund - Road Assets - 200000	200000
167	196	കൊടിഞ്ഞി പുറത്ത് സ്റ്റെപ് റോഡ് പുനരുദ്ധാരണം	AE(LSGD)	Maintenance Fund - Road Assets - 150000	150000
168	197	ആയുർവേദ യൂനാനി ഹോമിയോ ഹോസ്പിറ്റലുകളുടെ കണ്ടിജൻസി ചിലവുകൾ	MO (HOM)	Maintenance Fund - Non-road Assets - 75000	75000
169	198	ചെറുവട്ടുപുറം കരിയാത്തൻകാവ് അമ്പല റോഡ് പുനരുദ്ധാരണം	AE(LSGD)	Maintenance Fund - Road Assets - 650000	650000
170	200	ചോലക്കുഴി റോഡ് കോൺക്രീറ്റ് പൂർത്തീകരണം	AE(LSGD)	Own Fund - 200000	200000
171	201	പുതുവായി ചോലക്കൽ റോഡ് പുനരുദ്ധാരണം	AE(LSGD)	Maintenance Fund - Road Assets - 300000	300000
172	203	പൊന്നമ്പള്ളി ചക്കുംപുള റോഡ് മണ്ണ് ഫില്ലിംഗ് സൈഡ് കെട്ട് കോൺക്രീറ്റ്	AE(LSGD)	Own Fund - 250000 , Maintenance Fund - Road Assets - 500000	750000

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെതുക
173	204	പൊറ്റമ്മൽ പനച്ചിപ്പറമ്പ് റോഡ് സൈഡ് കെട്ട് കോൺക്രീറ്റ്	AE(LSGD)	Own Fund - 200000 , Maintenance Fund - Road Assets - 100000	300000
174	205	മണ്ണന്തലക്കടവ് കുളിക്കടവ് നിർമ്മാണം	AE(LSGD)	Own Fund - 500000	500000
175	206	മണ്ണംപറമ്പ് ചൂരപ്പട്ട റോഡ് റീ കോൺക്രീറ്റ്	AE(LSGD)	Maintenance Fund - Road Assets - 300000	300000
176	207	മണ്ണറോട്ട് റോഡ് പുനരുദ്ധാരണം	AE(LSGD)	Maintenance Fund - Road Assets - 300000	300000
177	208	മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ എസ് ടി	VETS	Development Fund(T.S.P) - 117000 , Receipts from other LSG's (Block Panchayats) - 200000	317000
178	209	എളമരം പൈതൃക പാത നിർമ്മാണം	AE(LSGD)	Own Fund - 700000	700000
179	211	ചെറുവാടിക്കടവ് എടവണ്ണപ്പാറ വെട്ടത്തൂർ ലിഫ്റ്റ് ഇറിഗേഷൻ കനാല് പാതയോര നവീകരണം	AE(LSGD)	Development Fund(General) - 500000 , Own Fund - 500000	1000000
180	213	വാക്കയിൽ മാഞ്ചിറത്താഴം റോഡ് സൈഡ് കെട്ട്	AE(LSGD)	Maintenance Fund - Road Assets - 550000	550000
181	214	ഹവിൽദാർ ഗോപകുമാർ റോഡ് സൈഡ് കെട്ട്	AE(LSGD)	Maintenance Fund - Road Assets - 500000	500000
182	215	ആയുർവേദ യൂനാനി ഹോസ്പിറ്റലിലെ താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകൽ	MO (HOM)	Own Fund - 400000	400000
183	217	അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ് കണ്ടിജൻസി ചെലവ്	AE(LSGD)	Maintenance Fund - Non-road Assets - 50000	50000
184	218	നെരോത്ത് മണ്ണാറക്കൽ എസ് സി കോളനി റോഡ് പുനരുദ്ധാരണം	AE(LSGD)	Development Fund(S.C.P) - 200000	200000
185	220	മണ്ണറോട്ട് എസ് സി കോളനി ഭവനസുരക്ഷ കൈവരി നിർമ്മാണം	AE(LSGD)	Development Fund(S.C.P) - 200000	200000
186	221	അസിസ്റ്റന്റ് എൻജിനീയർ ഓഫീസ് ക്ലർക്കിന് വേതനം നൽകൽ	AE(LSGD)	Own Fund - 250000	250000
187	222	എളമരം കളിസ്ഥലം ചുറ്റുമതിൽ നിർമ്മാണം	AE(LSGD)	Own Fund - 500000	500000
188	223	മുറ്റത്തൊരു മീൻതോട്ടം	SI(FIS)	Development Fund(General) - 200000 , Beneficiary Contribution (Direct Expenditure) - 300000	500000
189	224	ഗ്രാമപഞ്ചായത്ത് അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം	AE(LSGD)	Development Fund(General) - 552680 , Own Fund - 3547320 , Receipts from other LSG's (Block Panchayats) - 1000000 , Receipts from other LSG's (District Panchayat) - 1500000	6600000
190	225	വാലില്ലാപുഴ വലിയ വീട്ടിൽ കോളനി പൂവ്വാടി ചാലിൽ കോളനി റോഡ് പൂർത്തീകരണം	AE(LSGD)	Development Fund(General) - 700000	700000

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെതുക
191	227	ചെറുവട്ടൂർ ചക്കുംപുള റോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 500000	500000
192	228	മണ്ണന്തലക്കടവ് ജലസേചന പദ്ധതി വിപുലീകരണം	AE(LSGD)	Own Fund - 150000	150000
193	229	ചീക്കപ്പള്ളി നടപ്പാത കൈവരി പൂർത്തീകരണം	AE(LSGD)	Development Fund(S.C.P) - 100000	100000
194	231	മുള്ളമടക്കൽ കരിമ്പനക്കുഴി തോടിന് പാലം നിർമ്മാണം	AE(LSGD)	Own Fund - 400000	400000
195	232	മാരാമുക്ക് നൂഞ്ഞിക്കര റോഡ് പുനരുദ്ധാരണം	AE(LSGD)	Maintenance Fund - Road Assets - 450000	450000
196	233	മാണിയോട്ടുമൂല മുണ്ടുമുഴി എം എൽ എ റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 300000	300000
197	234	ക്ഷയ രോഗികൾക്ക് പോഷകാഹാര കിറ്റ് വിതരണം	SEC (GP)	Own Fund - 200000	200000
198	235	ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി	DFI	Development Fund(General) - 200000 , Receipts from other LSG's (Block Panchayats) - 150000	350000
199	236	വീട് വാസ യോഗ്യമാക്കൽ - ജനറൽ	VEO/LVEO	Development Fund(General) - 0 , Own Fund - 390000	390000
200	237	ലൈഫ് ഭവന പദ്ധതി എസ് സി	VEO/LVEO	Development Fund(S.C.P) - 0 , State Sponsored Scheme Fund - 4020000 , Loans from Financial Institutions - 10410000 , Receipts from other LSG's (Block Panchayats) - 0 , Receipts from other LSG's (District Panchayat) - 1000000	15430000
201	238	വീട് വാസ യോഗ്യമാക്കൽ - എസ് സി	VEO/LVEO	Development Fund(General) - 200000 , Development Fund(S.C.P) - 0	200000
202	239	ബയോബിൻ വിതരണം	VEO/LVEO	Beneficiary Contribution/Donations (Remitted to the Panchayat) - 64372 , Development Fund(CFC tied Grant) - 0	64372
203	240	ലൈഫ് മിഷൻ പദ്ധതി - എസ് സി	VEO/LVEO	Development Fund(S.C.P) - 0 , State Sponsored Scheme Fund - 560000 , Receipts from other LSG's (Block Panchayats) - 0	560000
204	241	വീട് വാസ യോഗ്യമാക്കൽ - ജനറൽ	VEO/LVEO	Own Fund - 885000	885000
205	242	വീട് വാസ യോഗ്യമാക്കൽ - എസ് സി	VEO/LVEO	Development Fund(General) - 100000 , Development Fund(S.C.P) - 40863 , Own Fund - 384137	525000
206	243	വി ഇ ഒ ഓഫീസ് കണ്ടിൻജൻസി ചിലവ് വഹിക്കൽ	VEO/LVEO	Maintenance Fund - Non-road Assets - 25000	25000
207	244	ഹരിതകർമസേന ശേഖരിച്ച പ്ലാസ്റ്റിക് കയറ്റി അയക്കൽ	VEO/LVEO	Development Fund(CFC Basic Grant) - 50000 , Development Fund(CFC tied Grant) - 96255	146255

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെതുക
208	245	എന്റെ നാട് നല്ല നാട് - മാലിന്യ നിർമ്മാർജ്ജന പരിപാടി	VEO/LVEO	Centrally Sponsored Scheme Fund - 500000 , State Sponsored Scheme Fund - 500000 , Own Fund - 150004	1150004
209	246	ഓർഗാനിക് കമ്പോസ്റ്റിംഗ് ബിൻ വിതരണം	VEO/LVEO	Own Fund - 140807 , Beneficiary Contribution/Donations (Remitted to the Panchayat) - 86394 , Development Fund(CFC tied Grant) - 0	227201
210	247	ബഡ്സ് സ്കൂൾ ടീച്ചർ ആയ ഡ്രൈവർ വേതനം നൽകൽ	As SEC (GP)	Own Fund - 130530	130530
211	248	ബഡ്സ് സ്കൂളിലേക്ക് വിവിധ ആവശ്യ വസ്തുക്കൾ വാങ്ങൽ	As SEC (GP)	State Sponsored Scheme Fund - 52517	52517
212	249	എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്	As SEC (GP)	Development Fund(S.C.P) - 1238000	1238000
213	250	എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	As SEC (GP)	Development Fund(S.C.P) - 150000	150000
214	251	എസ് സി വിദ്യാർത്ഥികൾക്ക് മേശ കസേര	As SEC (GP)	Development Fund(S.C.P) - 200000	200000
215	252	എസ് സി വിവാഹ ധനസഹായം	As SEC (GP)	Development Fund(S.C.P) - 250000	250000
216	253	ഹരിതകർമ്മ സേനക്ക് വെയിങ്മെഷീൻ സോർട്ട് ബക്കറ്റ് വാങ്ങൽ	As SEC (GP)	Development Fund(CFC tied Grant) - 19100	19100
217	254	ഹരിതകർമ്മ സേനക്ക് ആവശ്യ സാധനങ്ങൾ വാങ്ങൽ	As SEC (GP)	Own Fund - 67088	67088
218	255	കുടുംബശ്രീ ആഴ്ച ചന്ത ആവിശ്യ വസ്തുക്കൾ വാങ്ങൽ	As SEC (GP)	Own Fund - 50000	50000
219	256	ഹരിതകർമ്മസേന വാഹനം - ഡ്രൈവർ വേതനം നൽകൽ	As SEC (GP)	Own Fund - 89070	89070
220	257	ഹരിത കർമ്മ സേന ഊർജ്ജിതപ്പെടുത്തൽ	As SEC (GP)	Development Fund(CFC tied Grant) - 71570	71570
221	258	ഹരിത സേനാ സ്കോളർഷിപ്പ്	As SEC (GP)	Own Fund - 100000	100000
222	259	വനിതകൾക്ക് യോഗ പരിശീലനം നൽകൽ	SUP (ICDS)	Development Fund(General) - 109000	109000
223	260	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ജനറൽ	SUP (ICDS)	Development Fund(General) - 184837 , Receipts from other LSG's (Block Panchayats) - 129593 , Receipts from other LSG's (District Panchayat) - 47081	361511
224	261	അതി ദരിദ്ര നിർമാർജ്ജന പദ്ധതി - മരുന്ന് വാങ്ങൽ	MO (PHC)/(MO) CHC	Own Fund - 1340	1340
225	262	ആരോഗ്യ ഭേരി - ജീവിത ശൈലി രോഗ നിർണ്ണയ ക്യാമ്പ്	MO (PHC)/(MO) CHC	Development Fund(General) - 100000	100000

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെതുക
226	263	വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം ചെയ്യൽ	MO (PHC)/(MO) CHC	Development Fund(General) - 81875	81875
227	264	സമഗ്ര ആരോഗ്യം	MO (PHC)/(MO) CHC	Own Fund - 20800	20800
228	265	എളമരം ഹെൽത്ത് സെന്ററിലേക്ക് ഫർണിച്ചർ വാങ്ങൽ	MO (PHC)/(MO) CHC	Development Fund(CFC Basic Grant) - 50000	50000
229	266	കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ	MO (PHC)/(MO) CHC	Development Fund(CFC Basic Grant) - 20514 , Maintenance Fund - Non-road Assets - 2628	23142
230	267	പരിരക്ഷ പദ്ധതി	MO (PHC)/(MO) CHC	Development Fund(General) - 144550 , Receipts from other LSG's (Block Panchayats) - 198783	343333
231	268	സമഗ്ര നെൽകൃഷി വികസനം	AO	Development Fund(General) - 109793 , Receipts from other LSG's (Block Panchayats) - 188900	298693
232	269	ഫലവൃക്ഷ തൈ വിതരണം	AO	Development Fund(General) - 200000 , Beneficiary Contribution/Donations (Remitted to the Panchayat) - 66600	266600
233	270	മൽസ്യ കർഷകർക്ക് വല നൽകൽ	SI(FIS)	Development Fund(General) - 195000 , Beneficiary Contribution/Donations (Remitted to the Panchayat) - 0	195000
234	271	പോത്തുകുട്ടി വിതരണം	VETS	Development Fund(General) - 110000 , Beneficiary Contribution/Donations (Remitted to the Panchayat) - 110000	220000
235	272	കറവപശുകൾക്ക് കാലിത്തീറ്റ വിതരണം	VETS	Development Fund(General) - 21825 , Beneficiary Contribution/Donations (Remitted to the Panchayat) - 0	21825
236	273	കറവപ്പശുകൾക്ക് കാലിതീറ്റ എസ് സി	VETS	Development Fund(S.C.P) - 12135 , Beneficiary Contribution/Donations (Remitted to the Panchayat) - 16290	28425
237	274	പൊതു സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ	SEC (GP)	Development Fund(CFC Basic Grant) - 159000	159000
238	275	എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് വാടകയ്ക്ക് വാഹനം ലഭ്യമാക്കൽ	AE(LSGD)	Own Fund - 33900	33900
239	276	തിരുവാലൂർ അംഗൻവാടി നവീകരണം	AE(LSGD)	Maintenance Fund - Non-road Assets - 250000	250000
240	277	എളമരം കോലോത്തുംകടവ് റോഡ് റീ ടാറിങ്	AE(LSGD)	Maintenance Fund - Road Assets - 123333	123333
241	278	മണ്ണാടിയിൽ കാര്യോട്ട് റോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 150000	150000
242	279	കളത്തിൽ - മുക്കോരക്കൽ - മൂഴിക്കൽ റോഡ് സൈഡ് കെട്ട്	AE(LSGD)	Maintenance Fund - Road Assets - 407000	407000

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെ തുക
243	280	കാര്യോട്ട് ചാവറക്കുളം നടപ്പാത കോൺക്രീറ്റ്	AE(LSGD)	Own Fund - 115000	115000
244	281	കുളങ്ങര കോഴിപ്പറമ്പത്ത് കുളം ശുചിത്വ കുളമാക്കി നവീകരണം	AE(LSGD)	Development Fund(CFC tied Grant) - 194260	194260
245	282	കണ്ണത്തുംപാറ വട്ടപ്പാറ റോഡ് ടാറിംഗ് - തുക നൽകൽ	AE(LSGD)	Own Fund - 164699	164699
246	283	ചീനി ബസാർ മണന്തലകടവ് റോഡ് മയലങ്ങോട് താഴം യതീംഖാന റോഡ് പുനരുദ്ധാരണം	AE(LSGD)	Development Fund(CFC Basic Grant) - 0 , Maintenance Fund - Road Assets - 88444	88444
247	284	ബഡ്സ് സ്കൂൾ ഗേറ്റ് നിർമ്മാണം	AE(LSGD)	Maintenance Fund - Non-road Assets - 75000	75000
248	285	പഞ്ചായത്ത് ആഡിറ്റോറിയം നവീകരണം	AE(LSGD)	Development Fund(CFC Basic Grant) - 135152	135152
249	286	വലിയ പറമ്പത്ത് പുളിക്കത്തൊടി ശ്മശാനം റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(S.C.P) - 198521	198521
250	287	വിവിധ ഗവൺമെന്റ് സ്ഥാപനങ്ങളിൽ സോക്ക് പിറ്റ് നിർമ്മാണം	AE(LSGD)	Centrally Sponsored Scheme Fund - 474504	474504
251	288	കണ്ണത്തുംപാറ ഓട്ടുപാറ റോഡ് റീ ടാറിങ്	AE(LSGD)	Maintenance Fund - Road Assets - 46663	46663
252	289	നെരോത്ത് കരുവാടി റോഡ് സൈഡ് കെട്ട് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 202156	202156
253	290	ചീടിക്കുഴി മദ്രസ്സ നടപ്പാത കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 153883	153883
254	291	ചോലയിൽ കാളികുളങ്ങര റോഡ് പുനരുദ്ധാരണം	AE(LSGD)	Maintenance Fund - Road Assets - 100928	100928
255	292	കള്ളിക്കാട് പൂച്ചത്തൊടി റോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 140000	140000
256	293	മൃഗാശുപത്രി പുതിയ കെട്ടിടം നവീകരണം	AE(LSGD)	Maintenance Fund - Non-road Assets - 434160	434160
257	294	വാഴക്കാട് ജിഎം യു പി സ്കൂളിൽ കെട്ടിട നവീകരണം	AE(LSGD)	Development Fund(CFC Basic Grant) - 42715 , Maintenance Fund - Non-road Assets - 0	42715
258	295	വെട്ടത്തൂർ ഹെൽത്ത് സെന്റർ പൂവത്ത് പറമ്പ് റോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 152000	152000
259	296	കരിയാത്തൻകുഴി വെട്ടുകാട് ഹരിജൻ കോളനി റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(S.C.P) - 282000	282000
260	297	കുനിമ്മൽ വല്ലങ്ങോട്ടു പുറായ റോഡ് കോൺക്രീറ്റ് സൈഡ് കെട്ട്	AE(LSGD)	Development Fund(General) - 528300	528300
261	298	മാണിയോട്ട് താഴം മൂലയിൽ റോഡ് സൈഡ് കെട്ട്	AE(LSGD)	Maintenance Fund - Road Assets - 200000	200000

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെതുക
262	299	കോലോത്തുംപറമ്പ് ഒരലാശ്ശേരി റോഡ് പുനരുദ്ധാരണം	AE(LSGD)	Own Fund - 250000	250000
263	300	പണിക്കരപുറായ അംഗൻവാടി മേൽക്കൂര നിർമ്മാണം	AE(LSGD)	Maintenance Fund - Non-road Assets - 23272	23272
264	301	നൂഞ്ഞിക്കര ചാമക്കലായി കോളനി കുടിവെള്ള പദ്ധതി പുനരുദ്ധാരണം	AE(LSGD)	Development Fund(CFC tied Grant) - 200000	200000
265	302	മപ്രം പൊറ്റമ്മൽ ചോലയിൽ റോഡ് റീ കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 193690	193690
266	303	കരിമ്പനക്കുഴി കക്കോട്ടുപുറം കോളനി ചൂരപ്പട്ട റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(S.C.P) - 146000	146000
267	304	പുൽപ്പറമ്പ് റോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 81000	81000
268	305	തിരുവാലൂർ അംഗൻവാടിയിൽ ശിശു സൗഹൃദ ടോയ്ലറ്റ് നിർമ്മാണം	AE(LSGD)	Development Fund(CFC Basic Grant) - 137000	137000
269	306	മനാട്ട് താഴെ പറമ്പ് റോഡ് റീ കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 279000	279000
270	307	കാക്കാട്ടീരി പാറോട്ടു പുറായി എസ് സി കോളനി റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(S.C.P) - 187785	187785
271	308	ഏറ്റമ്മൽ അയ്യൻചോല എസ് സി റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(S.C.P) - 157459	157459
272	309	കണ്ണത്തുംപാറ വട്ടപ്പാറ റോഡ് കോൺക്രീറ്റ്	AE(LSGD)	Development Fund(General) - 315972 , Development Fund(CFC Basic Grant) - 0	315972
273	310	ആമക്കോട് ബംഗ്ലാവ് കുന്നത്ത് എസ് സി റോഡ് പുനരുദ്ധാരണം	AE(LSGD)	Development Fund(S.C.P) - 200000	200000
274	311	മൂഴിക്കൽ പമ്പ് ഹൗസ് നവീകരണം	AE(LSGD)	Development Fund(CFC tied Grant) - 49000	49000
275	312	കുയ്യിൽ പുതിയതൊടി റോഡ് കോൺക്രീറ്റ്	AE(LSGD)	Own Fund - 113000	113000
276	313	കോട്ടയം കുന്നത്ത് നടപ്പാത പുനരുദ്ധാരണം	AE(LSGD)	Own Fund - 91500 , Maintenance Fund - Road Assets - 150000	241500
277	314	അല്ലംപ്ര എസ് സി കോളനി കുടിവെള്ളപദ്ധതി ടാങ്ക് പുനരുദ്ധാരണം	AE(LSGD)	Development Fund(S.C.P) - 64000 , Own Fund - 100000 , Development Fund(CFC tied Grant) - 275000	439000
278	315	പുഞ്ചിരികാവ് വട്ടപ്പാറ റോഡ് റീ ടാറിംഗ്	AE(LSGD)	Own Fund - 80279 , Maintenance Fund - Road Assets - 152190	232469
279	316	പൂവത്ത് പറമ്പ് കാര്യോട്ട് മനാട്ട് റോഡ് റീ കോൺക്രീറ്റ്	AE(LSGD)	Maintenance Fund - Road Assets - 214000	214000
280	317	ചോലപുറായി എസ് സി കുടിവെള്ള പദ്ധതി - കോലോത്തുംകടവ് കിണറിൽ മോട്ടോർ സ്ഥാപിക്കലും അനുബന്ധ പ്രവർത്തികളും	AE(LSGD)	Development Fund(CFC tied Grant) - 178000	178000

സീരിനം	പ്രൊനം	പ്രൊജക്റ്റ് പേര്	ഉദ്യോഗസ്ഥൻ	ഫണ്ട് തരം	ആകെ തുക
281	318	എളംകുഴി നടക്കാലക്കണ്ടി മാട്ടുപുറം റോഡ് പുനരുദ്ധാരണം	AE(LSGD)	Maintenance Fund - Road Assets - 600000	600000
282	319	തൈക്കൂട്ടത്തിൽ പന്നിക്കോട്ടുമ്മൽ റോഡ് നിർമ്മാണം	AE(LSGD)	Development Fund(General) - 500000	500000
283	320	കെ എം അബ്ദുള്ള മെമ്മോറിയൽ കാമ്പ്രത്തികുഴി കോളനി റോഡ് പുനരുദ്ധാരണം	AE(LSGD)	Own Fund - 903000	903000
284	321	മായിപ്പായിൽ താഴം ഓട്ടുപാറ റോഡ് റീ ടാറിങ് സൈഡ് കെട്ട്	AE(LSGD)	Maintenance Fund - Road Assets - 70378	70378
285	322	കാമ്പ്രത്തി കുഴി കാരയിൽ എസ് സി കുടിവെള്ള പദ്ധതി - കുടിവെള്ളത്തിന് സൗകര്യമൊരുക്കൽ	AE(LSGD)	Development Fund(CFC tied Grant) - 184000	184000
286	323	മനാട്ട് പള്ളിപ്പടി റോഡ് പുനരുദ്ധാരണം	AE(LSGD)	Maintenance Fund - Road Assets - 211000	211000
287	324	പാഞ്ചിരികുളം കുനിയിൽതൊടി റോഡ് പുനരുദ്ധാരണം	AE(LSGD)	Own Fund - 260816	260816
288	325	യൂനാനി ഹോസ്പിറ്റൽ നിർമ്മാണം	AE(LSGD)	Own Fund - 746900	746900
289	326	കോടിയമ്മൽ അംഗൻവാടി നിർമ്മാണം	AE(LSGD)	Own Fund - 1500000	1500000
290	327	മുണ്ടുമുഴി GLP സ്കൂളിന് മുകളിൽ റൂഫിംഗ് - ബാക്കി തുക നൽകൽ	AE(LSGD)	Own Fund - 20200	20200
